പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശവും നടപ്പിലാക്കണം. അതുപോലെ രോഗികളും പ്രായാധിക്യം കൊണ്ട് അവശത അനുഭവിക്കുന്നവരുമായ സ്വാതന്ത്ര്യസമര സേനാനികളെ എല്ലാ തലങ്ങളിലും ബഹുമാനിക്കാനും ആദരിക്കാനും അവരെ സഹായിക്കാനും അവർക്ക് ആശ്വാസം യഥാസമയം കൊടുക്കാനും നടപടിയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, സ്വാതന്ത്ര്യ സമര സേനാനികൾക്ക് സംസ്ഥാന സർക്കാർ പെൻഷൻ ഇനത്തിൽ പ്രതിമാസം 2000 രൂപയും മരണാനന്തര ചടങ്ങുകൾക്ക് 1000 രൂപയും നൽകുന്നു. കൂടാതെ ചികിത്സയ്ക്ക് ചെലവാകുന്ന തുക റീഇംബേഴ്സ് ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. സ്വാതന്ത്ര്യ സമര സേനാനികൾക്ക് സംസ്ഥാന ട്രാൻസ്പോർട്ട് ബസുകളിൽ യാത്ര സൗജന്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ള മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ അർഹരായവർക്ക് യഥാസമയം തന്നെ ലഭ്യമാക്കുന്നതിന് പരമാവധി ശ്രമിച്ചുവരുന്നു. സംസ്ഥാന പെൻഷൻ തുക കേന്ദ്ര പെൻഷന് തുല്യമായി വർദ്ധിപ്പിക്കണമെന്നും മരണാനന്തര ചെലവുകൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണമെന്നും ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കണമെന്നും മറ്റും ആവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചു വരുന്നു. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) വീരശൈവ സമുദായത്തിന് നഷ്ടപ്പെട്ട ആനുകൂല്യം പുനസ്ഥാപിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. മുരളി : സർ, പിന്നോക്കത്തിൽ പിന്നോക്കം നിൽക്കുന്ന ഒരു സമുദായമായ വീരശൈവ സമുദായത്തിന്റെ വളരെ പ്രധാനപ്പെട്ട രണ്ട് ആവശ്യങ്ങളാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നത്. പർപ്പിട നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ച സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഒരു സമുദായമാണ് വീരശൈവ സമുദായം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധങ്ങളായ ഉപജാതികളുടെ പേരിലാണ് ഇന്ന് വീരശൈവരെ അറിയപ്പെടുന്നത്. തിരുകൊച്ചി സർക്കാർ 1950 വരെ ഒ.ഇ.സിയിൽപ്പെടുത്തിയിരുന്ന ആ സമുദായത്തെ 1950-ൽ ഒ.ഇ.സിയിൽ നിന്നും ഒഴിവാക്കി. 1961-ൽ ശ്രീ. കെ. കെ. വിശ്വനാഥന്റെ നേതൃത്വത്തിലുള്ള ഇവാല്യൂവേഷൻ കമ്മിറ്റി വീരശൈവരെ ഒ.ഇ.സിയിൽ വീണ്ടും ഉൾപ്പെടുത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഒരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചില്ല. ഇപ്പോൾ ഒ.ബി.സിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വീരശൈവരിൽ വലിയൊരു വിഭാഗത്തിന് ഒ.ബി.സിയുടെ ആനുകൂല്യംപോലും നിഷേധിച്ച ഒരു ഉത്തരവ് ഈ ഗവൺമെന്റിന്റെ കാലത്ത് 8-11-1996-ൽ സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. വീരശൈവരിൽ വീരശൈവ പണ്ടാരൻ, ഗൗഡുകൾ, കുരിക്കൾ, വൈരാഗി, വൈരാവി എന്നീ ഉപവിഭാഗങ്ങളെയാണ് 1996-ലെ ഉത്തരവിലൂടെ ഇപ്പോൾ ഒ.ബി.സിയിൽ നിന്നുപോലും പുറത്താക്കിയിരിക്കുന്നത്. സർക്കാർ നിയമിച്ച ഒരു സ്വകാര്യ ഏജൻസി നടത്തിയ പഠന റിപ്പോർട്ട് വച്ചു കൊണ്ടാണ് സർക്കാർ ഈ ഉത്തരവ് പുറപ്പെടുവിച്ച് ഈ സമുദായത്തിനുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചെറിയ ആനുകൂല്യം പോലും ഇപ്പോൾ നിഷേധിച്ചിരിക്കുന്നത്. ഈ നടപടി പിൻവലിക്കണം. ഈ വിഭാഗങ്ങൾക്ക് ഒ.ബി.സിയിൽ എങ്കിലും ഉള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. വിവിധ ഉപജാതികളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും അറിയപ്പെടുന്ന വീരശൈവരെ ഒരൊറ്റ സമുദായമായി സർക്കാർ അംഗീകരിച്ചുകൊണ്ട് നിലവിലുള്ള ഒ.ബി.സി ആനുകൂല്യങ്ങൾ തുടരുന്നതോടൊപ്പം ഇവരെ ഒ.ഇ.സിയിൽ ഉൾപ്പെടുത്തി പിന്നോക്കത്തിൽ പിന്നോക്കം നിൽക്കുന്ന ഈ സമുദായത്തെ സംരക്ഷിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ.ഇ.കെ.നായനാർ) : സർ, വീരശൈവ സമുദായത്തിൽപ്പെട്ട യോഗി, യോഗീശ്വര എന്നീ വിഭാഗങ്ങളെ മുൻപ് തന്നെ ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്. ഒ.ബി.സി.വിഭാഗത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇവർക്കും ലഭിക്കുന്നുണ്ട്. മേൽപ്പറഞ്ഞ വിഭാഗങ്ങളെ കൂടാതെ മറ്റു പല വിഭാഗങ്ങളെക്കൂടി വീരശൈവ സമുദായത്തിന്റെ ഉപജാതികളായി പരിഗണിച്ച് ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെടുത്തി സംവരണാനുകൂല്യങ്ങൾക്ക് അർഹരാക്കണമെന്നുള്ള നിവേദനം പിന്നോക്കവിഭാഗ കമ്മീഷന് ലഭിച്ചു. ഇക്കാര്യങ്ങളെപ്പറ്റി പിന്നോക്ക വിഭാഗ കമ്മീഷൻ പാലക്കാട്ടെ 'ഐക്കാസി'നെകൊണ്ട് പഠനം നടത്തിച്ചു. 'ഐക്കാസ്' നൽകിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 'പൂപണ്ടാരം', 'മാലപണ്ടാരം, 'ജംഗം' എന്നീ ഉപവിഭാഗങ്ങളെകൂടി ഒ.ബി.സി. ലിസ്റ്റിൽ ചേർക്കാൻ പിന്നോക്ക വിഭാഗ കമ്മീഷൻ ഗവൺമെന്റിലേയ്ക്ക് ശുപാർശ ചെയ്തു. കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് സർക്കർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി ഇപ്പോൾ വിവിധ പേരുകളിൽ അറിയപ്പെടുന്ന വീരശൈവരെ 'വീരശൈവർ' എന്ന പൊതു നാമത്തിൽ അംഗീകരിച്ച് ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തണമെന്ന് കേരള വീരശൈവസഭ ജനറൽ സെക്രട്ടറി നിവേദനം നൽകിയിരുന്നു. ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ഇക്കാര്യത്തിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗ കമ്മീഷൻ നൽകിയ ശുപാർശയനുസരിച്ചുള്ളതാണ്. ഇതിന് മാറ്റം വരുത്താൻ നിർവാഹമുണ്ടെന്നു തോന്നുന്നില്ല.

(3) നിലത്തെഴുത്താശാൻമാർക്ക് പെൻഷൻ പദ്ധതി

ശ്രീ. ജി. സുധാകരൻ : സർ, കേരളത്തിലെ 2000-ത്തോളം വരുന്ന നിലത്തെഴുത്താശാൻമാർക്ക് 60 വയസ്സു തികയുന്ന മുറയ്ക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. പ്രശസ്തനായ ഒരു അദ്ധ്യാപകൻ കൂടിയായിരുന്ന അദ്ദേഹം ഈ കാര്യം അനുഭാവപൂർവം പരിഗണിക്കുമെന്ന് ഞാൻ കരുതുകയാണ്. കഴിഞ്ഞ 10 വർഷമായിട്ടുള്ള അപേക്ഷയാണിത്. തുഞ്ചത്തെഴുത്തച്ഛന്റെ മഹനീയമായ മാതൃഭാഷാ സേവനം തങ്ങൾക്ക് ആകുന്നതുപോലെ പിന്തുടർന്ന്, ആദ്യാക്ഷരങ്ങൾ പിഞ്ചുകുഞ്ഞുങ്ങളെ പഠിപ്പിക്കുന്ന നിലത്തെഴുത്താശാൻമാർ മാതൃഭാഷയെ, മലയാള ഭാഷയെ പരിപോഷിപ്പിക്കുകയാണ്. കേരളാ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly